സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി

45 [6010] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ തസ്തികയിലേക്ക് ഇപ്പോൾ നിലവിലുള്ള പി. എസ്. സി. ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു;

(ബി) പ്രസ്തുത തസ്തികയിലേക്ക് പി. എസ്. സി.-യിൽനിന്നും നിയമന ഉത്തരവ് ലഭിച്ചവരിൽ ജോലിയിൽ പ്രവേശിക്കാത്തവർ എത്രപേരുണ്ട്;

(സി) ഇത്തരത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിന് നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 160 പേരെ നിയമിച്ചു.

(ബി) 22 പേർ.

(സി) ഈ ഒഴിവുകളിലേക്കുള്ള നിയമനത്തിനായി 22 പേരെ പി. എസ്. സി. ശുപാർശ ചെയ്തിട്ടുണ്ട്. നിയമനം നടത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

തോപ്പുംപടി സെയിന്റ് സെബാസ്റ്റ്യൻ ചർച്ച് പുതുക്കി പണിയുന്നതിന് നടപടി

46 [6012] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് തോപ്പുംപടിയിലുള്ള സെയിന്റ് സെബാസ്റ്റ്യൻ ചർച്ചിന് എത്ര കാലത്തെ പഴക്കമുണ്ട്;

(ബി) കാലപ്പഴക്കംമൂലം പ്രസ്തുത ചർച്ച് പുതുക്കി പണിയുവാൻ പള്ളി ഭരണസമിതി തീരുമാനിച്ചിട്ടുണ്ടോ;

(സി) ആ പള്ളി പുതുക്കി പണിയരുതെന്ന് പള്ളി ഭരണ സമിതി മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണം പറയുമോ;

(ഇ) ആരുടെയെങ്കിലും അപേക്ഷ പ്രകാരമോ ഏതെങ്കിലും വകുപ്പിന്റെ റിപ്പോർട്ട് പ്രകാരമോ ആണോ ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത്;

(എഫ്) എങ്കിൽ ആരുടെ റിപ്പോർട്ടോ അപേക്ഷയോ അനുസരിച്ചാണ് ഇപ്രകാരം നിർദ്ദേശം നൽകിയതെന്ന് പറയുമോ;

(ജി) പ്രസ്തുത പള്ളിയുടെ മുഖപ്പ് മാത്രമല്ലാതെ മറ്റേതെങ്കിലും ഭാഗം പോർച്ചുഗീസ് മാതൃകയിൽ പണി ചെയ്തതാണോ എന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) കാലപ്പഴക്കംമൂലം നാശത്തെ നേരിടുന്ന ആ പള്ളി പുതുക്കി പണിയാതെ അതിനെ എപ്രകാരം സംരക്ഷിക്കാൻ കഴിയുമെന്നും എപ്രകാരം അവിടെ ആരാധന നടത്താൻ കഴിയുമെന്നും വിശദീകരിക്കുമോ;

(ഐ) പോർച്ചുഗീസ് മാതൃകയിൽ രൂപകൽപ്പന ചെയ്ത പ്രസ്തുത പള്ളിയുടെ മുഖപ്പ് നിലനിർത്തിക്കൊണ്ട് അതിന്റെ ബാക്കി ഭാഗം പുതുക്കി പണിയാൻ അനുമതി നൽകുമോ?

ഉത്തരം

(എ) 170 വർഷം.

(ബി) ഉണ്ട്.

(സി, ഡി) ഉണ്ട്. പള്ളി പുതുക്കി പണിയുന്നത് കേന്ദ്ര ഗവൺമെന്റിന്റെ കോസ്റ്റൽ റഗുലേഷൻ സോൾ ഗൈഡ് ലൈൻസിന് എതിരായുള്ള നടപടിയാണ്. മാത്രവുമല്ല ടി പള്ളിയ്ക്ക് പുരാവസ്തു പ്രാധാന്യവുമുണ്ട്.

(ഇ, എഫ്) ഡോ. ആന്റണി കെ. ജോൺ, കുട്ടത്തിപ്പറമ്പിൽ, പള്ളുരുത്തി, കൊച്ചി എന്ന വ്യക്തിയുടെ കൂടാതെ ഇൻടാക്കിന്റെ കൊച്ചി ചാപ്റ്ററും രേഖാമൂലം ആവശ്യപ്പെട്ടു.

(ജി) പള്ളി ആകെത്തന്നെ പോർച്ചുഗീസ് മാതൃകയിൽ നിർമ്മിച്ചിട്ടുള്ളതാണ്.

(എച്ച്) പള്ളി നാശോന്മുഖമല്ല. യഥാസമയമുള്ള മെയിന്റനൻസിന്റെ അഭാവമേയുള്ളൂ. തനതായ ആകൃതിക്കും, ഘടനക്കും മാറ്റം വരുത്താതെ സംരക്ഷണ പരിരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്. ഇപ്പോഴും അവിടെ നിർവ്വിഘ്നം ആരാധന നടന്നുവരുന്നു.

(ഐ) പള്ളിയുടെ ആകൃതിയും ഘടനയും മാറ്റം വരുത്താതെ സംരക്ഷണ പരിരക്ഷണ പ്രവർത്തനങ്ങൾ നിർവ്വഹിക്കാവുന്നതാണ്.

മൽസ്യബന്ധന നയം

47 [6013] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൽസ്യ സമ്പത്ത് കാത്ത് സൂക്ഷിക്കുന്നതിനും ചെറുകിട മൽസ്യ ബന്ധനത്തിന് ഏർപ്പെടുന്നവർക്ക് സംരക്ഷണം നൽകുന്നതിനും ഒരു മൽസ്യബന്ധന നയം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

8-4-1994-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 43/94/മ. തു. വ. പ്രകാരം അംഗീകരിച്ച മൽസ്യബന്ധന നയം നിലവിലുണ്ട്. എന്നാൽ നയത്തിൽ കാലോചിതമായ മാറ്റം വരുത്തിക്കൊണ്ട് തയ്യാറാക്കിയ പുതിയ "മൽസ്യമേഖലാ വികസന പരിപാലന നയം" ഉടനെ പ്രഖ്യാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly